## 42

സ്തോത്രമേശുവേ സ്തോത്രമേശുവേ
നിന്നെമാത്രം നന്ദിയോടെയെന്നും വാഴ്ത്തിപ്പാടും ഞാൻ

1 ദാസനാമെന്റെ നാശമകറ്റാൻ - നര
വേഷമായവതരിച്ച ദൈവജാതനേ

2 പാപത്തിന്നുടെ ശാപശിക്ഷയാം -ദൈവ
കോപത്തീയിൽ വെന്തരിഞ്ഞ ജീവനാഥനെ

3 ശത്രുവാമെന്നെ നിൻപുത്രനാക്കുവാൻ-എന്നിൽ
ചേർത്ത നിൻകൃപയ്ക്കനന്ത സ്തോത്രമേശുവേ

4 ആർത്തികൾ തീർത്ത കരുണാസമുദ്രമേ! നിന്നെ
സ്തോത്രം ചെയ്വാനെന്നെയെന്നും പാത്രമാക്കുക

5 ജീവനാഥനേ ദേവനന്ദനാ-നിന്റെ
ജീവനെന്നിൽ തന്നതിന്നായ് സ്തോത്രമേശുവേ

6 നാശലോകത്തിൽ ദാസനാമെന്നെ-സത്
പ്രകാശമായ് നടത്തിടേണമേശുനാഥനേ **P.V.T.**